പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T 1769

06.07.2015 - ൽ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പയെടുത്തവർക്കെതിരെയുള്ള ജപ്തി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) വിദ്യാഭ്യാസ വായ്പയെടുത്തവർക്കെതിരെ ബാങ്കുകൾ ജപ്തി ഭീഷണി വ്യാപകമാക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പല ബാങ്കുകളും ഇത്തരം വായ്പാക്കാർക്കെതിരെ സർഫാസി നിയമപ്രകാരമുള്ള പരസ്യപ്പെടുത്തൽ പരസ്യം നൽകിയും വായ്പാ തീർപ്പാക്കലിന് റിസർവ്വ് ബാങ്ക് അനുശാസിക്കുന്ന തരത്തിലുള്ള അവസരങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) വസ്തു ഈടു നൽകിയിട്ടുള്ള വിദ്യാഭ്യാസ വായ്പകളിൽ SARFAESI ACT പ്രകാരം പ്രാരംഭ ഡിമാന്റ് നോട്ടീസ് കൈപ്പറ്റാതെ മടങ്ങി വരുന്ന വേളയിൽ മാത്രമേ പത്രം പരസ്യം നൽകേണ്ടതുള്ളൂ. വസ്തു കൈവശപ്പെടുത്തുന്ന വേളയിലും വില്പനയ്ക്ക് വയ്ക്കുന്ന വേളയിലും പത്രപരസ്യം നിർബന്ധമായും നൽകിയിരിക്കണം. സർഫാസി നിയമത്തിനു വിരുദ്ധമായി ഏതെങ്കിലും ബാങ്ക് പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടാൽ എസ്.എൽ.ബി.സി.യുമായി ചേർന്ന് പരിഹാരം കാണുന്നതാണ്. |

(----- 2)

(സി) വിദ്യാഭ്യാസ വായ്പയ്ക്ക് വ്യവസ്ഥകൾക്ക് വിരുദ്ധമായി ഈടുവാങ്ങിയ കേസുകളിൽ ബാങ്കുകൾ ജപ്തി നടപടികളിലേക്ക് നീങ്ങുന്നതുമൂലം സമ്മർദ്ദത്തിലാവുന്ന വായ്പക്കാരെ സഹായിക്കുന്നിന് നടപടി സ്വീകരിക്കുമോ?

(സി) വിദ്യാഭ്യാസ വായ്പയുടെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വസ്തു ഈട് ആവശ്യമില്ലാത്ത വിഭാഗത്തിൽ നിന്ന് ഏതെങ്കിലും ബാങ്ക് ശാഖ ഈടുവാങ്ങിയിട്ടുണ്ടെങ്കിലോ അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലോ അക്കാര്യം ശ്രദ്ധയിൽപ്പെടുന്ന പക്ഷം അനന്തര നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**